(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്നതനുസരിച്ച് കുളങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ ഏറ്റെടുക്കാറുണ്ട്. എന്നാൽ ദേവാലയങ്ങൾക്ക് കീഴിലുള്ള കുളങ്ങൾ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലില്ല.

(സി) സംസ്ഥാനത്ത് ശുദ്ധജലാവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന കുളങ്ങളും ചിറകളുമുണ്ട്. എന്നാൽ അവയുടെ കൃത്യമായ കണക്കും സംഭരണശേഷിയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല. കുളങ്ങളുടെയും ചിറകളുടെയും സ്ഥിതിവിവര കണക്കുകൾ എടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ നടപടി

9 (*639) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് വിതരണത്തിൽ സുതാര്യത പാലിക്കാനും ആവശ്യാനുസരണം മരുന്ന് ലഭ്യത ഉറപ്പാക്കാനും എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) മരുന്നുകളുടെ വിനിയോഗം കാര്യക്ഷമമായി നടത്തുന്നതിനും സ്റ്റോക്ക് കാലാവധിക്കകം ഉപയുക്തമാക്കുന്നതിനും ഫെഫോ (ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട്) സമ്പ്രദായം എവിടെയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഡേറ്റ് എക്സ്പയറി ആകുന്ന മരുന്നുകൾക്ക് പകരം മരുന്നുകൾ യഥാസമയം ലഭിക്കുന്നു എന്നുറപ്പുവരുത്താനുള്ള മുൻകരുതലുകളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 2013-ൽ എന്ത് തുകയ്ക്കുള്ള മരുന്നുകൾ ഡേറ്റ് എക്സ്പയറി യുടെ പേരിൽ സ്റ്റോക്കിൽ കുറവ് വരുത്തിയിട്ടുണ്ട് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽനിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും വാർഷിക ഇൻഡന്റ് ലഭിച്ച ഉടൻതന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28-1-2014-നുതന്നെ 2014-15 സാമ്പത്തിക വർഷത്തേക്കുള്ള മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള ടെണ്ടർ ക്ഷണിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പർച്ചേസ് ഓർഡർ നൽകിയ മരുന്നുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 2014-15 സാമ്പത്തിക വർഷത്തെ സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നു വിതരണത്തിൽ സന്തുലനം പാലിക്കാനും ആവശ്യാനുസരണം മരുന്നു ലഭ്യത ഉറപ്പാക്കുന്നതിനുമായി അത്യാവശ്യമുള്ള മരുന്നുകൾ ആശുപത്രിതലത്തിൽ തന്നെ അടിയന്തരമായി വാങ്ങുന്നതിനുള്ള നിർദ്ദേശം 5-6-2014 തീയിതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 1856/2014/ആ.കു.വ. പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ഓർഡർ നൽകിയതിൽ 4-7-2014 വരെ 104-ഓളം മരുന്നുകൾ വെയർഹൗസുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. അവ ആശുപത്രികൾക്ക് വിതരണം നടത്തുകയും ചെയ്തുതുടങ്ങി.

സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ എല്ലാം ലഭ്യമാണ്. ജീവിതശൈലി രോഗങ്ങൾക്കുവേണ്ട മരുന്നുകളുടെ ദൗർലഭ്യം ഉണ്ടായിരുന്നു. ഇത് പരിഹരിക്കാൻ ആശുപത്രി മേധാവികൾക്ക് RSBY fund വിനിയോഗിച്ചു കൊണ്ട് Local purchase ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മൂന്നുകോടി രൂപയും ഇതിനായി അനുവദിച്ചിട്ടുണ്ട്. ഈ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ വഴിയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വഴിയും ആശുപത്രികളിലെ സൂപ്രണ്ടുമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോ ഡിപ്പാർട്ടുമെന്റുകളിലും മുൻവർഷങ്ങളിൽ ഉപയോഗിച്ചിട്ടുള്ള മരുന്നുകളുടെ കണക്ക് പരിശോധിച്ച് മരുന്നുകളുടെ ആവശ്യകത കണക്കാക്കി ഓരോ ഡിപ്പാർട്ടുമെന്റിന്റെയും മേധാവികൾ ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചു. റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ മരുന്നുകളുടെ കണക്ക് പർച്ചേസിംഗ് ഓഫീസർ, പ്രിൻസിപ്പൽ വഴി ഡി.എം.ഇ.-ക്ക് നൽകുന്നു. ഡി.എം.ഇ. ഈ ഇൻഡന്റ് കെ.എം.എസ്.സി.എൽ.-ന് ഒക്കുമാറുകയും പ്രസ്തുത മരുന്നുകൾ കെ.എം.എസ്.സി.എൽ. ലഭ്യമാക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മരുന്നുകളുടെ സന്തുലിതാവസ്ഥ പാലിക്കുന്നതിനായി പർച്ചേസിംഗ് ഓഫീസർമാരുടെ യോഗം ചേരുകയും ഒരു സ്ഥാപനത്തിന് കൂടുതൽ ആവശ്യമുള്ള മരുന്ന് മറ്റൊരു സ്ഥാപനത്തിൽ അധികമായുണ്ടെങ്കിൽ അവ എക്സ്പയറി ഡേറ്റോടുകൂടി കണക്കാക്കി കൈമാറ്റം ചെയ്യുകയും പർച്ചേസ് നടത്തിയ മുഴുവൻ മരുന്നുകളും കാലാവധിക്കുമുന്പായി പരമാവധി ഉപയോഗിക്കാനും ശ്രദ്ധിക്കുന്നുണ്ട്.

(ബി) മരുന്നുകളുടെ വിനിയോഗം കാര്യക്ഷമമായി നടത്തുന്നതിനും സ്റ്റോക്ക് കാലാവധിക്കകം ഉപയുക്തമാക്കുന്നതിനും ഫെഫോ സമ്പ്രദായമാണ് (ആദ്യം കാലാവധി കഴിയുന്ന മരുന്നുകൾ ആദ്യം വിതരണം ചെയ്യുന്ന രീതി) കോർപ്പറേഷന്റെ ആരംഭകാലം മുതൽ എല്ലാ ജില്ലാ വെയർഹൗസുകളിലും സർക്കാർ ആശുപത്രി സ്റ്റോറിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും സ്വീകരിച്ചുവരുന്നത്. ഇത് കൃത്യമായി ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ടീം ആരോഗ്യ വകുപ്പിലുണ്ട്.

(സി) ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് അനുസരിച്ച് ഒരു വർഷത്തേക്കാവശ്യമായ മരുന്നുകളാണ്

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ ടെണ്ടർ ചെയ്യുന്നത്. പർച്ചേസ് ചെയ്യുന്നതിൽ 80% മരുന്നുകളും ഉപയോഗിച്ചുതീർക്കുന്നുണ്ട്. അധികംവരാൻ സാധ്യതയുള്ള മരുന്നുകൾ 6 മാസം മുമ്പ് കെ.എം.എസ്.സി.എൽ.-ന് റിപ്പോർട്ട് ചെയ്യുകയും തിരിച്ചു നൽകുകയും വാർഷിക ഇൻക്രിമെന്റിൽ ക്രമീകരണം നടത്തുകയും ചെയ്യുന്നുണ്ട്. ടെണ്ടർ കാണ്ടിറ്റി അനുസരിച്ചാണ് വിതരണക്കാർ വില കാട്ട് ചെയ്യുന്നത്. തിരിച്ചെടുക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചാൽ വിതരണക്കാർ വൻവില കാട്ട് ചെയ്യാൻ ഇടയുണ്ട്. ആയതിനാൽ എക്സ്പയറി ആകുന്ന മരുന്നുകൾക്ക് പകരം മരുന്നു നൽകുന്നതിന് കോർപ്പറേഷന്റെ ടെണ്ടറിൽ നിർബന്ധിത വ്യവസ്ഥകളില്ല.

(ഡി) 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 26,22,063 രൂപയുടെ കാലാവധി കഴിഞ്ഞ മരുന്നുകൾ കെ.എം.എസ്.സി.എൽ.-ൽ നിന്നും 2013-ൽ 6,52,725 രൂപയുടെ മരുന്നുകൾ ഡേറ്റ് എക്സ്പയറിയുടെ പേരിൽ സർക്കാർ ആശുപത്രികളിലും സ്റ്റോക്കിൽനിന്നും കുറവുവരുത്തിയിട്ടുണ്ട്.

മൂന്നാർ ടൂറിസം വികസന ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്

10 (*640) ശ്രീ. രാജു എബ്രഹാം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;

(ബി) കേന്ദ്ര സഹായം നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ നഷ്ടപ്പെടാനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും വിശദമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം വ്യക്തമാക്കാമോ ;

(ഡി) മൂന്നരക്കോടിയോളം രൂപ അധികമായി തിരിച്ചടയ്ക്കാനിടയായത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇതു മറ്റു പദ്ധതികളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിച്ചുവെന്ന് അറിയിക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി 2013-14 സാമ്പത്തിക വർഷത്തിൽ Development of Munnar Hill as a Tourist Destination in Kerala എന്ന പദ്ധതിക്കായി 1,51,74,000 രൂപ കേന്ദ്രസർക്കാർ

LIBRARY ARCHIVES Kerala Legislative Assembly